# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1265 — 12-06-2014 ലെ മറുപടിക്ക്

### ബൈപ്പാസ് റോഡുകളുടെ നിർമ്മാണത്തിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്യുതൻ<br>,, എം. എ വാഹിദ്<br>,, റ്റി. എൻ. പ്രതാപൻ<br>,, ആർ. സെൽവരാജ് | ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ബൈപ്പാസ് റോഡുകളുടെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) തിരുവനന്തപുരം ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26.5 കി. മീറ്റർ നാലുവരി പാതയാക്കുന്നതിനുള്ള പ്രവൃത്തിയു ടെ ടെൻഡർ നടപടി പുരോഗമിക്കുന്നു. ബാക്കിയുള്ള മുക്കോല മുതൽ തമിഴ്നാട് അതിർത്തി വരെയുള്ള 16.5 കി. മീറ്റർ ഭാഗത്തെ സ്ഥലമെടുപ്പ് പുരോഗമിച്ചുവരുന്നു. കൊല്ലം ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണത്തിനായുള്ള റീ ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. കോഴിക്കോട് ബൈപ്പാസ് നിർമ്മാണത്തിന് ഭരണാനുമതി നൽകിക്കഴിഞ്ഞു. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തലശ്ശേരി - മാഹി ബൈപ്പാസ് സ്ഥലമെടുപ്പ് ഏതാണ്ട് പൂർത്തിയായി ഡി.പി.ആർ തയ്യാറാക്കി വരുന്നു. കണ്ണൂർ ബൈപ്പാസിന്റെ നിർമ്മാണത്തിന്റെ സ്ഥലമെടുപ്പ് നടന്നുവരുന്നു. തൃപ്പൂണിത്തുറ ബൈപ്പാസിന്റെ അലൈൻമെന്റ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ലാന്റ് അക്വിസിഷൻ എസ്റ്റിമേറ്റും പ്രവൃത്തിയുടെ എസ്റ്റിമേറ്റും തയ്യാറാക്കാൻ NATPAC നെ ഏൽപ്പിച്ചുകഴിഞ്ഞു. ആറ്റിങ്ങൽ ബൈപ്പാസിന്റെ നിർമ്മാണം ദേശീയപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും ഈ ഭാഗത്തെ വികസനത്തിൽ നിന്നും ദേശീയപാത അതോറിറ്റി |

പിൻവാങ്ങിയതിനാൽ കേന്ദ്രസർക്കാരുമായി കൂടിയാലോചിച്ച് നിർമ്മാണം സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. കൊടുങ്ങല്ലൂർ ബൈപ്പാസിന്റെ നിർമ്മാണം പൂർത്തിയാക്കി ഉടൻ ഗതാഗതത്തിന് തുറന്നുകൊടുക്കുന്നതാണ്.

(ബി) ഏതു പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) തിരുവനന്തപുരം ബൈപ്പാസ് ദേശീയപാത അതോറിറ്റി ബി.ഒ.ടി വ്യവസ്ഥയിൽ നടപ്പിലാക്കുന്നു. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണച്ചെലവ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തുല്യമായി വഹിക്കുന്നതാണ്. ഇത് സ്പീഡ് കേരള പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മാണം കേന്ദ്രസർക്കാരിന്റെ വാർഷിക പദ്ധതിയിലോ,സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തിയോ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇത് സ്പീഡ് കേരള പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണം സംസ്ഥാന സർക്കാരിന്റെ സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. തലശ്ശേരി-മാഹി ബൈപ്പാസ് ദേശീയപാത അതോറിറ്റി ബി.ഒ.ടി വ്യവസ്ഥയിൽ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിലും പ്രവൃത്തി വേഗത്തിൽ തുടങ്ങുന്നതിനായി സ്പീഡ് കേരള പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത നിർമ്മാണത്തിനുള്ള ധനസമാഹരണം എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ദേശീയപാത അതോറിറ്റി നിർമ്മിക്കുന്ന ബൈപ്പാസുകൾ ബി.ഒ.റ്റി വ്യവസ്ഥയിലാണ്. സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് കേരള റോഡ് ഫണ്ട് ബോർഡ് മുഖാന്തിരം ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് ധനസമാഹരണം നടത്താനാണ് ഉദ്ദേശിക്കുന്നത്.

| | | | |
|---|---|---|---|
| ഡി) | നിർമ്മാണ പ്രവർത്തനങ്ങളുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടു ണ്ടോയെന്ന് വിശദമാക്കുമോ ? | ഡി) | തിരുവനന്തപുരം ബൈപ്പാസിന്റെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ അദ്യ ടെൻഡർ റദ്ദാക്കി റി ടെൻഡർ വിളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ